പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 195 | 06.01.2014 ൽ മറുപടിക്ക്

## ബാലവേലയ്ക്കായി അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കടത്തിക്കൊണ്ടു വരുന്നത് തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കടത്തിക്കൊണ്ടുവന്ന് ബാലവേല ചെയ്യിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ അനധികൃതമായി കടത്തിക്കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (ബി) | അന്യസംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കടത്തിക്കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നതിനായി കർശനമായ വാഹനപരിശോധനയും, വ്യാപാര ശാലകൾ, മറ്റ് തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ റെയിഡുകളും നടത്തുന്നുണ്ട്. ഇത്തരം മനുഷ്യക്കടത്ത് സംഭവങ്ങൾ നിരീക്ഷിക്കുന്നതിനായി AHTU (Anti Human Trafficking Units) എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. AHTU വിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളുമായി ചേർന്ന് ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ പോലീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ? | (സി) | ഇതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ